(സി) കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ മസ്ദൂർ, ഹെൽപ്പർ, ഗോഡൗൺഅസിസ്റ്റന്റ്, ഗോഡൗൺ കീപ്പർ തുടങ്ങിയ തസ്തികകളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും സേവന ദൈർഘ്യമുള്ള താൽക്കാലിക ജീവനക്കാരെ അതാത് തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിനും നിലവിൽ ലഭിച്ചുകൊണ്ടിരുന്ന വേതനം മൊത്ത വേതനമായി കണക്കാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വായ്പാ സഹകരണ സംഘങ്ങളിൽ നിക്ഷേപ പിരിവുകാരായി നിലവിൽ 6 മാസത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ള ജീവനക്കാരെ അതേ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനും ഇവർക്ക് കമ്മിഷൻ കുറഞ്ഞത് രണ്ട് ശതമാനവും പരമാവധി മൂന്ന് ശതമാനവും നൽകുന്നതിനും ഇപ്രകാരം നൽകുന്ന കമ്മിഷൻ തുകയിൽ നിന്നും 500 രൂപ പ്രതിമാസ വേതനമായി കണക്കാക്കി നൽകുന്നതിനും നിലവിലുള്ള നിക്ഷേപ പിരിവുകാർക്ക് സ്ഥിര നിയമനങ്ങൾ നൽകുന്നതിന് അതാതു സ്ഥാപനങ്ങൾ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരം വാങ്ങണമെന്നും നിർദ്ദേശിച്ചിരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

നബാർഡിന് നൽകേണ്ട പലിശ

117 [574] ശ്രീ. ജി. കാർത്തികേയൻ:
„ ജോർജ് ജെ. മാത്യു:
പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പയായി നൽകുന്നതിനുവണ്ടി നബാർഡ് നൽകുന്ന പണത്തിന് നബാർഡിന് നൽകേണ്ട പലിശയെത്രയാണ്;

(ബി) ഈ തുക ഏതെല്ലാം ഘട്ടങ്ങൾക്കുശേഷമാണ് കർഷകർക്ക് വായ്പയായി കിട്ടുന്നത്; ഈ പണത്തിന് ഓരോ ഘട്ടത്തിലും ഈടാക്കുന്ന പലിശ എത്രയെന്നും കർഷകൻ നൽകേണ്ടിവരുന്ന പലിശയെത്രയെന്നും പറയുമോ;

(സി) നബാർഡ് കർഷകർക്ക് വായ്പയായി നൽകുന്നതിന് അനുവദിക്കുന്ന പണത്തിന് ഓരോ ഘട്ടത്തിലും ഈടാക്കുന്ന പലിശ കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കാർഷിക വായ്പയായി നൽകുന്നതിനായി നബാർഡ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിനും, കേരള സംസ്ഥാന സഹകരണ ബാങ്കിനും നൽകുന്ന വായ്പകൾക്ക് നബാർഡിന് നൽകേണ്ട പലിശ ചുവടെ ചേർക്കുന്നു:

സംസ്ഥാന സഹകരണ ബാങ്ക് / ഗ്രാമ വികസന ബാങ്ക്	സംസ്ഥാന സഹകരണ കാർഷിക
ക്രോപ്പ് ലോൺ എസ്.റ്റി.(എസ്.എ.ഒ.) 5.75%	50,000 രൂപ വരെ 6%

LIBRARY ARCHIVES Kerala Legislative Assembly

എൻ.പി.എ. നിലവാരം 20%-ത്തിന് മുകളിൽ ആയതിനാൽ മറ്റ് കാർഷിക കാർഷികാനുബന്ധമായ ആവശ്യങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്കിന് 6.5% നിരക്കിലാണ് നബാർഡ് വായ്പ നൽകുന്നത്.	50,001 രൂപ മുതൽ 2,00,000 രൂപ വരെ 6.25% 2,00,000-ത്തിന് മുകളിൽ 6.75%

(ബി) കേരള സംസ്ഥാന സഹകരണ ബാങ്ക് നബാർഡ് വായ്പ 6.25% പലിശയ്ക്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകുന്നു. ജില്ലാ ബാങ്കുകൾ പ്രാഥമിക ബാങ്കുകൾക്ക് 6.75% പലിശയ്ക്കും, പ്രാഥമിക ബാങ്കുകൾ കർഷകർക്ക് 25,000 രൂപ വരെയുള്ള തുകയ്ക്ക് 8.5% പലിശയ്ക്കും അതിനുമുകളിലുള്ള തുകയ്ക്ക് 9% പലിശയ്ക്കുമാണ് നൽകുന്നത്.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നബാർഡിൽ നിന്നും ലഭിക്കുന്ന വായ്പ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴിയാണ് കർഷകർക്ക് വായ്പയായി നൽകുന്നത്. ആയതിന് സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പ്രാഥമിക ബാങ്കിൽ നിന്ന് ഈടാക്കുന്നതും പ്രാഥമിക ബാങ്ക് കർഷകരിൽ നിന്ന് ഈടാക്കുന്നതുമായ പലിശ നിരക്ക് ചുവടെ ചേർക്കുന്നു:

വായ്പ തുക	കേന്ദ്ര ബാങ്ക് ഈടാക്കുന്ന പലിശ	പ്രാഥമിക ബാങ്ക് ഈടാക്കുന്ന പലിശ
25,000 രൂപ വരെ	7%	8.5%
25,001 രൂപ മുതൽ 50,000 രൂപ വരെ	7%	9%
50,001 രൂപ മുതൽ 2,00,000 രൂപ വരെ	7.5%	10%
2,00,000 രൂപയ്ക്ക് മുകളിൽ	8.25%	11%
ഭൂവികാസം, ജലസേചനം എന്നിവയ്ക്ക് 2,00,000 രൂപയ്ക്ക് മുകളിൽ	7.75%	10%

(സി) ഇപ്പോൾ ഓരോ ഘട്ടത്തിലും കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്.

നീതി പാചക വാതകത്തിന്റെ വില

118. [575] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യപ്പെടുന്ന നീതി പാചക വാതകത്തിന്റെ വില അമിതമായി ഉയർന്നിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly